## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 815      30.11.2018-ൽ മറുപടിയ്ക്ക്

### അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | ആദിവാസി കുട്ടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട് 2018-19 സാമ്പത്തിക വർഷത്തിലും തുടരുന്നുണ്ടോ; | എ) | പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് പ്രോജക്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത കോളനികളിൽ നിർമ്മാണ പ്രവൃത്തികൾ തുടർന്നും നടത്തുന്നതിനായിട്ടാണ് 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ തുക ഉപയോഗിച്ച് വരുന്നത്. ആയതിനാൽ 2018-19 സാമ്പത്തിക വർഷം ടി പദ്ധതിയിൽപ്പെടുത്തി പുതിയ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല |
| ബി) | ഉണ്ടെങ്കിൽ ആയതിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ? | ബി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും, പി.കെ.കാളൻ വികസന പദ്ധതിക്കായും MGNREGS പദ്ധതിക്കായും 2018-19 സാമ്പത്തികവർഷം "2225-02-102-85(പ്ലാൻ)" എന്ന ശീർഷകത്തിൽ 110 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ